# വേദമോതുന്നവർ ആര്?

എസ്.വി മുഹമ്മദ്

2009 മാർച്ച് ഇരുപതിലെ ശബാബിൽ പ്രത്യക്ഷപ്പെട്ട നിഷ്പക്ഷസംഘം, ഐക്യസംഘം, കെ. ജെ.യു എന്നിവയെപ്പറ്റിയുള്ള ലേഖനങ്ങൾ വായിച്ചപ്പോഴാണ് മടവൂർ വിഭാഗം ഇപ്പോഴും വേദ മോതുന്നുണ്ട് എന്ന് പിടി കിട്ടിയത്.

എ.ഡി 629–ാമാണ്ടിൽ പരിശുദ്ധ ഇസ്‌ലാമിന്റെ നിത്യമായ സത്യസന്ദേശവുമായി മാലിക് ബ്നു ദീനാറും സംഘവും കരക്കിറങ്ങിയ നാടായ കൊടുങ്ങല്ലൂരിൽ തന്നെയായിരുന്നു പിൽക്കാലത്ത് മുസ്‌ലിംകളിൽ കൊടികുത്തി വാണ അന്ധവിശ്വാസ അനാചാരങ്ങൾക്കെതിരെ സന്ധിയില്ലാ സമര പ്രഖ്യാപനവുമായി ഐക്യസംഘം രൂപം കൊണ്ടതും. തറവാട്ടു മഹിമയുടെ പ്രാബല്യ ത്തിൽ തമ്മിൽ കലഹിച്ചു നിന്ന പഴയ മുസ്‌ലിം കുടുംബങ്ങളിലെ തർക്കങ്ങളും വഴക്കുകളും പരിഹരിക്കുന്നതിന് രൂപീകൃതമായ നിഷ്പക്ഷസംഘമായിരുന്നു പിന്നീട് 1922 ൽ ഐക്യസംഘ ത്തിനായി വഴി മാറിയത്. 1924 ൽ കേരള ജംഇയ്യത്തുൽ ഉലമ രൂപീകരിച്ചതും അവർ തന്നെ.

ഇസ്‌ലാമിന്റെ പ്രമാണങ്ങളായ പരിശുദ്ധ ക്വുർആനിന്റെയും തിരുസുന്നത്തിന്റെയും ആശയാ ദർശങ്ങൾക്കും ആഹ്വാനങ്ങൾക്കും തീർത്തും വിരുദ്ധമായിരുന്നു അന്നാളിലെ മാപ്പിളമാരുടെ ആചാരാനുഷ്ഠാനങ്ങൾ. കുപ്പിപ്പാട്ട്, പക്ഷിപ്പാട്ട് പോലുള്ള കിസ്സപ്പാട്ടുകൾ, മുഹ്‌യിദ്ദീൻമാല, രിഫാഈ മാല, മഹ്മൂദ്മാല, മഞ്ഞക്കുളം മാല എന്നീ മാലപ്പാട്ടുകൾ, ഖുത്ബിയ്യത്ത്, രിഫാഈ റാതീബ് എന്നീ റാതീബ് നേർച്ചകൾ തുടങ്ങിയ തനി ഖുറാഫാതുകളായിരുന്നു മാപ്പിള നാമധാരി കൾക്ക് അന്ന് പൗരോഹിത്യം കൽപ്പിച്ച് നൽകിയ ആരാധനകൾ. പ്രസവം ആസന്നമായ ഗർഭി ണികൾക്ക് ഗൈനക്കോളജിസ്റ്റും വയറ്റാട്ടിത്തള്ളയുമെല്ലാം മിസ്‌റിക്കാരിയായ ഏതോ നഫീ സത്ത് ബീവിയുടെ പേരിൽ രചിക്കപ്പെട്ട മാലപ്പാട്ടായിരുന്നു!!. നഫീസത്ത് മാലയുടെ 'കർമ്മ ദൗത്യം' പിഴച്ചപ്പോൾ ഒട്ടേറെ പൂർണ ഗർഭിണികൾ അമിത രക്തസ്രാവത്താൽ പ്രസവിച്ചും പ്രസ വിക്കാതെയും മരണം നുണഞ്ഞു. പച്ചവേഷ്ടിയും ശുഭ്ര തലപ്പാവും ളോഹയുമണിഞ്ഞ ലോക്കൽ 'ഔലിയാ'ക്കളായ നാടൻ മൊല്ലാക്കമാർ ജപിച്ച് നൽകിയ ഏലസ്സുകളും കടുക്ക മഷി യാൽ പിഞ്ഞാണത്തിലെഴുതിയ എഴുത്തിരിയും മന്ത്രിച്ചൂതിയ പച്ചവെള്ളവുമൊക്കെയായിരുന്നു അന്നത്തെ ചികിത്സാരീതിയിലെ ദിവ്യ ഔഷധ ചേരുവകൾ. ഈ ചികിത്സാമുറകളാൽ പൗരോ ഹിത്യത്തിന് ആളും അർത്ഥവും കനത്തപ്പോൾ ഒരു സമൂഹത്തിന്റെ മുഴുവൻ ആരോഗ്യരംഗം മുമ്പെന്നെത്തേക്കാളും വഷളായി. പോഷകാഹാരക്കുറവിനാൽ കുഞ്ഞുങ്ങളിൽ കാണപ്പെട്ട റിക്കറ്റ്സ് എന്ന രോഗം പ്രാദേശിക മലയാളത്തിൽ കെരേണി (ആയുർവേദത്തിൽ ഗ്രഹണി) എന്നറിയപ്പെട്ടു. ഈ രോഗത്താൽ നൂറ്ക്കണക്കിന് കുഞ്ഞുങ്ങൾ മരണപ്പെട്ടതിന്റെ കാരണവും മൊല്ലാക്കമാരുടെ നൂലും ചരടും ഉറുക്കും ഒക്കെത്തന്നെയായിരുന്നു. എന്നിട്ടും മൊല്ലമാരുടെ പാതിരാ പ്രസംഗങ്ങൾ കേൾക്കാൻ മരം കോച്ചുന്ന മാരിത്തണുപ്പിൽ പാവം മാപ്പിളമാർ ഉറക്കമി ളച്ചും കാതുകൾ കൂർപ്പിച്ചും പഞ്ചപുഛമടക്കി നിന്നു. മാതൃഭാഷ മര്യാദക്ക് കൈകാര്യം ചെയ്യാൻ പോലുമറിയാത്ത മൊല്ലമാരുടെ പാതിരാ പ്രസംഗങ്ങളുടെ ലക്ഷ്യവും ദൗത്യവും പാവം മാപ്പിളമാരെ ഭൗതിക വിദ്യാഭ്യാസത്തിനെതിരെയാക്കി അവരെ മുഖ്യധാരയിൽ നിന്ന് അകറ്റി നിർത്തുക എന്നതായിരുന്നു. പൗരോഹിത്യത്തിന്റെ വികാര വൈകൃതം മനസ്സിലാക്കി സമുദായത്തിന് വിജ്ഞാനത്തിന്റെ വെള്ളി വെളിച്ചം പകരാൻ അന്നത്തെ തല മുതിർന്ന നേതാ ക്കൾ രൂപം കൊടുത്തതായിരുന്നു മുസ്‌ലിം ഐക്യസംഘം.

പ്രഗത്ഭ പണ്ഡിതരായിരുന്ന കെ.എം മൗലവി, ഇ.കെ മൗലവി, ഖിലാഫത്ത് നേതാക്കളായിരുന്ന മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ്, ഇ.മൊയ്തു മൗലവി, പിൽക്കാലത്ത് മുസ്‌ലിം ലീഗിന്റെ പ്രമുഖ നേതാവായി മാറിയ കെ.എം സീതിസാഹിബ്, ധനാഢ്യനായിരുന്ന മണപ്പാട്ട് കുഞ്ഞുമുഹമ്മദ് സാഹിബ് എന്നിവരായിരുന്നു ഈ സംഘത്തിന്റെ ഉപജ്ഞാതാക്കൾ. സമൂഹത്തിൽ പൗരോഹിത്യം പ്രചരിപ്പിച്ച അന്ധവിശ്വാസങ്ങൾക്കും അനിസ്‌ലാമികമായ ആചാരാനുഷ്ഠാനങ്ങൾക്കുമെതിരെ പ്രതികരിക്കാൻ ഐക്യസംഘത്തിന്റെ വാർഷിക സമ്മേളനങ്ങൾക്കും ആനുകാലിക പ്രസിദ്ധീകരണങ്ങൾക്കും കഴിഞ്ഞു. മലയാളക്കരയിലെ മുസ്‌ലിം സമുദായത്തിന്റെ സാമൂഹിക-രാഷ്ട്രീയ-വിദ്യാഭ്യാസ രംഗങ്ങളിലെ മുന്നേറ്റത്തിന് ഐക്യസംഘം കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ സംഘടിപ്പിച്ച വാർഷിക സമ്മേളനങ്ങൾ നിമിത്തമായി. മതരംഗത്തെ അനാചാരങ്ങളെ എതിർത്ത ഐക്യസംഘത്തിന്റെ വക്താക്കളെ പൗരോഹിത്യം 'ഒഹ്ഹാബി'കളാക്കി.
ഐക്യസംഘം മുസ്‌ലിം മജ്‌ലിസിലും 1936 ൽ മുസ്‌ലിം മജ്‌ലിസ് മുസ്‌ലിം ലീഗിലും ലയിച്ചില്ലാതായെങ്കിലും അന്ധവിശ്വാസങ്ങൾക്കെതിരെ സന്ധിയില്ലാ സമരവുമായി കെ.ജെ.യു ഉറച്ച് നിന്നു. ആദ്യം കെ.ജെ.യു വിൽ അംഗങ്ങളായിരുന്ന 'സുന്നീ' പണ്ഡിതൻമാർ സംഘടനയെ തങ്ങളുടെ വരുതിയിലാക്കുവാൻ സ്വന്തക്കാരുടെ സംഘടനയായി രജിസ്റ്റർ ചെയ്യാൻ ഒരു പാഴ്ശ്രമം നടത്തി. ഈ ദുഷ്ടഭൃക്കുകളുടെ ഒളിയജണ്ട മുൻകൂട്ടി കണ്ട കെ.ജെ.യു സാരഥികൾ 1860 ലെ സൊസൈറ്റീസ് ആക്ട് പ്രകാരം സംഘടനയെ നേരത്തെ രജിസ്റ്റർ ചെയ്തിരുന്നു. നിരാശരായ 'സുന്നീ' പണ്ഡിതർ പിന്നീട് കെ.ജെ.യു വിന്റെ മുമ്പിൽ ഒരു 'സമസ്ത' കൂട്ടിച്ചേർത്ത് രജിസ്റ്റർ ചെയ്യുകയാണുണ്ടായത്. പാങ്ങിൽ അഹമദ് കുട്ടി മുസ്‌ലിയാരായിരുന്നു അന്ന് അവരുടെ നേതാവ്. അന്ധവിശ്വാസങ്ങൾക്കെതിരെ കെ.ജെ.യു പ്രമാണ നിബദ്ധമായി ശുദ്ധ തൗഹീദ് പ്രബോധനം ചെയ്യാൻ തുടങ്ങിയതോടെ പൗരോഹിത്യത്തിന്റെ അന്നം മുട്ടാൻ തുടങ്ങി.

സലഫീ പ്രബോധനങ്ങളുടെ വിപുലമായ പ്രയോഗ വത്കരണത്തിന് പണ്ഡിതരല്ലാത്ത സാധാരണ മുസ്‌ലിംകൾ കൂടി ഉൾകൊള്ളുന്ന ഒരു പ്രത്യേക വേദിയുണ്ടാവണം എന്ന ലക്ഷ്യത്തിന്റെ സാക്ഷാത്കാരമായി 1950 ൽ കേരള നദ്‌വതുൽ മുജാഹിദീൻ രജിസ്റ്റർ ചെയ്യപ്പെട്ടു. പിന്നാലെ 1967 ൽ പ്രസ്ഥാനത്തിന്റെ യുവജന വിഭാഗമായി ഐ.എസ്.എം നിലവിൽ വന്നു. പിന്നീട് വിദ്യാർത്ഥീ വിഭാഗമായ എം.എസ്.എമ്മും മഹിളാ വിഭാഗമായ എം.ജി.എമ്മും രൂപീകൃതമായി.
പൂനൂരിൽ തുടങ്ങി നന്തി, കുറ്റിച്ചിറ, കൊട്ടപ്പുറം വരെ സംഘടിപ്പിക്കപ്പെട്ട വാദപ്രതിവാദങ്ങളിലൂടെയും പുളിക്കലും കുറ്റിപ്പുറത്തും ഫറോക്കിലും പാലക്കാട്ടും പിലാത്തറയിലും നടത്തപ്പെട്ട ഐതിഹാസിക സംസ്ഥാന സമ്മേളനങ്ങളിലൂടെയും പ്രസ്ഥാനവും അതിന്റെ പോഷക ഘടകങ്ങളും വളർന്ന് പടർന്ന് പന്തലിക്കുന്നത് കണ്ട ചില കാപാലിക കോക്കസുകൾ ഇവയൊക്കെ തങ്ങളുടെ കൈക്കുടന്നകളിലൊതുക്കാൻ തുടങ്ങിയതോടെയാണ് 1999 ൽ സംഘടനയിൽ ചില അഭ്യന്തര പ്രശ്നങ്ങളുണ്ടാകാൻ തുടങ്ങുന്നത്. യുവകോക്കസുകാരോടൊപ്പം ചില 'ജരാനരക്കാരു'മുണ്ടായി. സ്ഥാനമോഹങ്ങളായിരുന്നുവല്ലോ ആ കുടില മനസ്സുകളിൽ. സ്ഥാനലബ്ധിക്കായി അവർ മൺമറഞ്ഞ മഹാരഥരുടെ പേരിൽ ഇല്ലാത്ത വസിയ്യത്ത് വിവാദം വരെ മെനഞ്ഞുണ്ടാക്കി. കുട്ടികളെക്കൊണ്ട് കയ്യിൽ കിട്ടിയ ആനുകാലികങ്ങളിൽ അരുതായ്മകൾക്ക് പലതിനും അറപ്പും വെറുപ്പും ഉളവാക്കും വിധം അച്ചു നിരത്തിച്ചു.

**ആദർശ വ്യതിയാനം**

സലഫീ ആദർശങ്ങളിൽ നിന്നുള്ള ശരിയായ വ്യതിയാനവും സ്ഥാനമോഹങ്ങളുമായിരുന്നു എല്ലാറ്റിനും നിമിത്തങ്ങളായിരുന്നത്. 'സലഫികൾ, മുജാഹിദുകൾ' എന്നൊന്നും പറയേണ്ടതില്ല, പകരം മുസ്‌ലിംകൾ, അല്ലെങ്കിൽ സുന്നത്ത് ജമാഅത്ത് എന്നൊക്കെ മതി. സമുദായ ഐക്യം നില നിർത്തുന്നതിന് ആവശ്യമെങ്കിൽ ആശയങ്ങളിൽ വിട്ട് വീഴ്ച ചെയ്യുക. ഐക്യവും വിശാലതയും ലക്ഷ്യമാക്കി ആവശ്യമെങ്കിൽ ഖുനൂത് ഓതുകയോ ഓതാതിരിക്കുകയോ ചെയ്യുക, വാദപ്രതിവാദങ്ങളും ഖണ്ഡന-മണ്ഡനങ്ങളും ഒഴിവാക്കുക, തറാവീഹ് എത്ര റക്അത്തായാലും

വിഷയമാക്കേണ്ടതില്ല, മാസപ്പിറവിയുടെ കാര്യത്തിൽ തർക്കിക്കാതെ ഭൂരിപക്ഷത്തെ പിൻപറ്റുക എന്നീ തികഞ്ഞ ആദർശ വ്യതിയാനങ്ങളായിരുന്നു ഇവരുടെ വാക്കുകളിലും പ്രവർത്തികളിലും. ഈ തലതിരിവുകൾക്കൊക്കെ എതിരെ മരണം വരെ ഊർജ്ജം കളഞ്ഞ മഹാരഥൻമാർ അനുഗ്രഹിച്ച് നൽകിയ ശബാബ് വാരികയിൽ 'സംഘടനയിൽ വൈവിധ്യം അഭിലഷണീയം' (1999 ഏപ്രിൽ 18) എന്ന് എഴുതിപ്പൊലിപ്പിച്ചവരുടെ കുടില മനസ്സുകളിൽ ആദർശ വ്യതിയാനം മാത്രമായിരുന്നു. 'പ്രബോധന വിജയത്തിന് പൊതു താൽപര്യ മേഖല കണ്ടെത്തുക' എന്ന ആശയത്തിൽ 1997ലെ സെമിനാർ പതിപ്പിൽ ലേഖനമെഴുതിയവർക്ക് പ്രബോധകരുടെയും പ്രബോധിതരുടെയുമിടയിൽ ഗുളിക കൊടുത്തും മരം നട്ടും പാലം പണിയുന്ന തിരക്കിലായിരുന്നു.

ആശയ വൈരുദ്ധ്യങ്ങളുണ്ടായാൽ പ്രശ്ന പരിഹാരത്തിന് കെ.ജെ.യു മുൻകൈയ്യെടുക്കണമെന്ന കീഴ്‌വഴക്ക പ്രകാരം വൈരുദ്ധ്യം ആരോപിക്കപ്പെട്ടവരും ആരോപകരുമടങ്ങുന്ന മസ്‌ലഹത്തിന് കെ.ജെ.യു തന്നെ വേദിയൊരുക്കി. മർമ്മ പ്രധാനമായ ആശയ വൈരുദ്ധ്യങ്ങളോട് തങ്ങൾ തീർത്തും വിട പറയുന്ന അർത്ഥത്തിൽ വിഘടിത വിഭാഗം കെ.ജെ.യു പണ്ഡിതരുടെ സാന്നിധ്യത്തിൽ സമ്മതിച്ച് കയ്യൊപ്പ് വെച്ച് പിരിയുകയും ചെയ്തു.

**വീണ്ടും വാക്ക് മാറൽ**

2001 ജൂൺ നാലിനായിരുന്നു ശുഭകരമായ ആ പര്യവസാനം. എന്നാൽ പിറ്റേന്ന് നേരം പുലർന്നപ്പോൾ ചങ്കരനതാ പിന്നെയും തെങ്ങിൽ തന്നെ. പഴയ വൈരുദ്ധ്യ പല്ലവികളുമായി പുറംചട്ടയിൽ 01–06–01 എന്നെഴുതി നീലപുസ്തകമിറങ്ങുന്നതാണ് കണ്ടത്. പണ്ഡിത സഭയുടെ കാര്യദർശിയായ പണ്ഡിതനും വാക്കുമാറികളുടെ മുൻനിരയിൽ വന്ന കാഴ്ച തെല്ലദിശയത്തോടെ സാദാ മുജാഹിദുകൾ കണ്ടു. നീലപുസ്തകത്തിനെ ന്യായീകരിച്ച് കൊണ്ട് പിന്നെ ചുവന്ന പുസ്തകമിറക്കി. അഭിപ്രായാന്തരങ്ങളുടെ കൊട്ടിക്കലാശമെന്നോണം ഫറോക്കിൽ ഒരു സമ്മേളനം പഴയ ഐ.എസ്.എമ്മുകാർ നടത്തിയത് കെ.എൻ.എമ്മിലെ തല മുതിർന്നവരെ മുഴുവൻ പഴി പറയുന്നതിനായിരുന്നു.

**ഐ.എസ്.എം 2000**

ഐ.എസ്.എമ്മിലെ മുൻനിരക്കാർക്കെതിരെ അച്ചടക്ക നടപടിയുമായി 2002 ആഗസ്റ്റിൽ കെ.എൻ.എം മുന്നോട്ട് പോയപ്പോൾ വിശദീകരണത്തിനുള്ള മറുപടിയിൽ തങ്ങൾ വിനീത വിധേയരാണെന്ന് എഴുതിച്ചേർക്കാൻ അവർ വിട്ട് പോയില്ല. എന്നാൽ അതൃപ്തികരമായ മറുപടിയിൽ ഐ.എസ്.എം നേതൃത്വത്തെ കെ.എൻ.എം സസ്പെന്റ് ചെയ്തപ്പോഴാണ് ഇവർ രണ്ട് വർഷം മുമ്പ് തന്നെ ഐ.എസ്.എമ്മിനെ സ്വതന്ത്രമാക്കി രജിസ്റ്റർ ചെയ്തിരുന്നുവെന്ന് മാലോകരറിഞ്ഞത്. പിന്നീടിങ്ങോട്ട് ഡ്യൂപ്ലിക്കേറ്റുകളുടെ പടയോട്ടം തന്നെയാണ് ചരിത്ര നഗരിയിലെ മുജാഹിദുകൾക്ക് കാണാൻ കഴിഞ്ഞത്. കെ.ജെ.യു സിക്രട്ടറിയായി മസ്‌ലഹത്തിന് വേദിയൊരുക്കിയ അതേ ആള് തന്നെ അതിന്റെ ഡ്യൂപ്ലിക്കേറ്റ് പടച്ചുണ്ടാക്കി. പണ്ട് കെ.ജെ.യു രൂപീകരിക്കപ്പെട്ട് 26 വർഷം കഴിഞ്ഞാണ് കെ.എൻ.എം രൂപീകരിക്കപ്പെട്ടതെങ്കിൽ വിഘടിത വിഭാഗം കള്ളക്കയ്യൊപ്പിട്ടും ഹാജരാവാത്തവർ ഹാജരായി എന്ന് മിനുട്സ് എഴുതിയും കെ.എൻ.എമ്മിന്റെ ഡ്യൂപ്ലിക്കേറ്റ് തട്ടിക്കൂട്ടിയതിന്റെ പിറകെയാണ് കെ.ജെ.യു വിന്റെ അപരൻ പിറന്നത്. പിന്നാലെ എം.എസ്.എം, എം.ജി.എം എന്നിവയുടെയും പ്രതിരൂപങ്ങൾ തട്ടിപ്പടച്ചുണ്ടാക്കി. ഇതിന്റെയൊക്കെ മുമ്പായിത്തന്നെ ഇവർ കെ.എന്.എമ്മിന്റെ ഓരോ പരിപാടിക്കും ഡ്യൂപ്ലിക്കേറ്റുകൾ സൃഷ്ടിച്ചിരുന്നു. ക്യു.എച്ച്.എൽ.എസ്സിന് പകരമായി ക്യു.എൽ.എസ്സും കെ.എൻ.എം ഹജ്ജ് ഗ്രൂപ്പിന് പകരമായി അൽമനാർ ഹജ്ജ് ഗ്രൂപ്പുമെല്ലാം ഇവരുടെ സൃഷ്ടി വൈരുദ്ധ്യങ്ങളാണ്. പിരിയുന്നതിന് മുമ്പ് തന്നെ പൂളപ്പൊയിൽ കേന്ദ്രമാക്കി കെ.എൻ.എമ്മിന് പകരം എൻ.എം.കെ രജിസ്റ്റർ ചെയ്തതും ഇവർ തന്നെ. 2000 ൽ രജിസ്റ്റർ ചെയ്ത ഐ.എസ്.എമ്മിന് 2006 ൽ 40–ാം വാർഷിക

മാഘോഷിക്കാൻ ഫ്ളക്സ് ബോർഡുകളുണ്ടാക്കിയപ്പോൾ നിയമപാലകരുടെ മുന്നിൽ ഇളിഭ്യരായതും മറ്റാരുമല്ല.

**വേദമോതുന്നവർ ആര്?**

കെ.ജെ.യു വിനെയും അതിന്റെ സ്ഥാപിത താൽപര്യങ്ങളെയും പിന്നിൽ നിന്ന് കുത്തി അവക്കെല്ലാം തികച്ചും വിരുദ്ധമായി സമീപ കാലങ്ങളിൽ ലേഖനങ്ങൾ പ്രസിദ്ധീകരിച്ച് വിട്ട അതേ കൂട്ടർ ഇപ്പോൾ അതേ പ്രസിദ്ധീകരണത്തിൽ നിഷ്പക്ഷ സംഘത്തിന്റെയും ഐക്യസംഘത്തിന്റെയും കെ.ജെ.യു വിന്റെയും പുണ്യപുരാണങ്ങൾക്ക് അച്ചുനിരത്തിയത് കണ്ടപ്പോൾ ആ പ്രക്രിയയെ വേദമോതലായല്ലാതെ മറ്റൊന്നായി കേരളത്തിലെ മുജാഹിദുകൾക്ക് എങ്ങനെ കാണാൻ കഴിയും? അതെ, തികച്ചും സാത്താന്റെ വേദമോതൽ!!!